LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ് ജീവനക്കാർക്ക് കാന്റീൻ സൗകര്യം

112 (3743) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വിഭാഗം ജീവനക്കാർക്ക് സൗജന്യ നിരക്കിൽ സാധനങ്ങൾ വാങ്ങുന്നതിനായി പോലീസ് വിഭാഗത്തിൽ നൽകി വരുന്നതുപോലെ കാന്റീൻ സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എക്സൈസ് വിഭാഗം ജീവനക്കാർക്കും കാന്റീൻ സൗകര്യം ഏർപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ&ബി) പോലീസ് ഉദ്യോഗസ്ഥർക്ക് അനുവദിച്ച കാന്റീൻ സൗകര്യം പൂർണ്ണമായും പ്രാവർത്തികമായതിനുശേഷം ആയതിന്റെ സാമ്പത്തിക ബാദ്ധ്യത പരിശോധിച്ചതിനുശേഷം മാത്രമേ പ്രസ്തുത കാന്റീൻ സൗകര്യം എക്സൈസ് വകുപ്പിന് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

എക്സൈസ് റേഞ്ച് ഓഫീസുകൾ

113 (3744) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 ജനുവരിക്ക് ശേഷം സംസ്ഥാനത്ത് പുതുതായി എക്സൈസ് റേഞ്ച് ഓഫീസുകൾ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടങ്ങളിലൊക്കെയാണ് സ്ഥാപിച്ചത്;വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പുതുതായി രൂപീകരിച്ച താലൂക്കുകളിൽ സർക്കിൾ ഓഫീസുകളും റേഞ്ച് ഓഫീസുകളും സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(ഇ) വെള്ളരിക്കുണ്ടിൽ എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കുന്നത് പരിഗണനയിലാണെന്ന നികുതി വകുപ്പ് (എഫ്)-ന്റെ 15-10-2013-ലെ 24549/ എഫ് 3/2011 നമ്പർ ഫയൽ പ്രകാരമുള്ള നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ ?